# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ ശ്രീമതി.അനുപമ.റ്റി.വി.ഐ.എ.എസ്. വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ്-ഐ.സി.പി.എസ്-ഓ.ആർ.സി. യുടെ തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ സൈക്കോളജിസ്റ്റ്മാർക്ക് 2021 ഏപ്രിൽ മാസത്തെ വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 15.11.2017 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം നം. 32.

## ഉത്തരവ് നമ്പർ ICPS 4(C)/1398/21 തീയതി: 30.04.2021

വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതി പ്രകാരം തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ ഓ.ആർ.സി. ജില്ലാ റിസോഴ്സ് സെന്ററുകളിൽ നിയമിതരായ സൈക്കോളജിസ്റ്റുമാരുടെ പ്രതിമാസ വേതനം 22,000/- രൂപയാണ്. എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ നിലവിൽ സൈക്കോളജിസ്റ്റുമാർ തുടരുന്നില്ല. മേൽ പരാമർശം പ്രകാരം യൂണിസെഫിൻെറ സഹായത്തോടെ നിയമിതരായ സൈക്കോളജിസ്റ്റുമാരെ ഓ.ആർ.സി. സ്റ്റേറ്റ് ഫണ്ടിൻെറ സഹായത്തോടെ തുടർന്നും നിലനിർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ജില്ലാതല സൈക്കോളജിസ്സുമാർക്ക് 2021 ഏപ്രിൽ മാസത്തെ വേതനം അനുവദിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ തുടരുന്ന ജില്ലകളായ തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, എന്നീ ജില്ലകളിലെ സൈക്കോളജിസ്റ്റുമാർക്ക് കരാർ വേതനമായ 22,000/- രൂപ വീതവും കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് വയനാട് ജില്ലയിലെ സൈക്കോളജിസ്റ്റിന് ദിവസവേതനാടിസ്ഥാനത്തിൽ പ്രതിദിനം 733/- രൂപ നിരക്കിൽ ഹാജരായ ദിവസങ്ങൾ കണക്കാക്കി പരമാവധി 21,990/- രൂപയും ചേർത്ത് ആകെ 1,09,990/- രൂപ ചുവടെ ചേർക്കുന്ന പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അനവദിക്കേണ്ട ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 22,000/- രൂപ |
| 2 | ഇടുക്കി | 22,000/- രൂപ |
| 3 | തൃശ്ശൂർ | 22,000/- രൂപ |
| 4 | കോഴിക്കോട് | 22,000/- രൂപ |
| 5 | വയനാട് | 21,990/- രൂപ |
| | **ആകെ** | **1,09,990/- രൂപ** |

വയനാട് ജില്ലയിലെ സൈക്കോളജിസ്റ്റിന് കരാർ പുതുക്കി നൽകുന്നതിനനുസരിച്ച് ശമ്പള കുടിശ്ശിക അനുവദിക്കേണ്ടതാണ്. ഓ.ആർ.സി. സൈക്കോളജിസ്റ്റുമാർക്ക് ഏപ്രിൽ മാസത്തെ വേതന ഇനത്തിൽ ആകെ **1,09,990/-രൂപ (ഒരു ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) 2021-22** സാമ്പത്തിക വർഷത്തെ ഓ.ആർ.സിയുടെ ശീർഷകമായ **2235 – 02 – 102 - 36 (P) 01** ലെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന കംപോണന്റിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ മുഖാന്തിരം പ്രസ്തുത തുക അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

ബന്ധപ്പെട്ട ഡി.സി.പി.ഒ. മാർ അതത് ജില്ലകളിലെ ഓ.ആർ.സി. സൈക്കോളജിസ്റ്റുമാർക്ക് വേതനം അനുവദിക്കേണ്ടതും ടി തുകയുടെ കൈപ്പറ്റ് രസീത്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഇക്കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്.

(ഒപ്പ്)

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &
മെമ്പർ സെക്രട്ടറി, **SCPS**

പകർപ്പ്:

1. **ജില്ലാ വനിത ശിശു വികസന ഓഫീസർ**
   (തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്)
2. **ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ**
   (തിരുവനന്തപുരം, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്)
3. സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,
4. ICPS 4
5. സ്റ്റോക്ക് ഫയൽ

Web

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്